## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3692** **11.12.2018 ലെ മറുപടിയ്ക്ക്**

**കീം എൻട്രൻസ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ടി.എ. റഹീം** | | **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| (എ) | കീം (കെ.ഇ.എ.എം) എൻട്രൻസ് പരീക്ഷ എഴുതുന്നതിന് അപേക്ഷയോടൊപ്പം ജാതി, വരുമാനം, നേറ്റിവിറ്റി, നോൺ ക്രിമിലയർ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടി വരുന്നതുമൂലം കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റവന്യൂ വകുപ്പ് മന്ത്രി, എൻട്രൻസ് കമ്മീഷണർ, സർവ്വീസ് സംഘടനകൾ തുടങ്ങിയവരുടെ യോഗത്തിൽ ജാതി,നേറ്റിവിറ്റി എന്നിവയ്ക്ക് സ്കൂൾ രേഖകളും വരുമാനത്തിന് രക്ഷിതാവിന്റെ അഫിഡവിറ്റും അപേക്ഷ സമയത്ത് നൽകിയാൽ മതിയെന്നും റാങ്ക് ലിസ്റ്റ് വന്നതിനുശേഷം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്തിനകം ഹാജരാക്കിയാൽ മതിയെന്നും തീരുമാനമുണ്ടായിരുന്നുവോ; | (ബി) & (സി) | തീരുമാനം ഉണ്ടായിരുന്നു. പ്രസ്തുത തീരുമാനം കീം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്താൻ പ്രവേശനപരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇതു നടപ്പാക്കാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് പ്രവേശന പരീക്ഷ കമ്മീഷണർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രയാസം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | പി.എസ്.സി.ക്ക് പോലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമാണ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടത് എന്നിരിക്കെ എൻട്രൻസ് പരീക്ഷയ്ക്ക് മാത്രം ഇത്തരത്തിൽ നിർദ്ദേശിക്കുന്നത് കാരണം ഉണ്ടാവുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ